(*b*) 58.

(c) they would be absorbed in the scale of Rs. 50-100 when vacancies are available.

(*d*) None.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾതന്നെ വേക്കൻസി ഉണ്ടെങ്കിൽ അതിൽ അവരെ അബ്സോർബ് ചെയ്യുന്നതിനു ഡിപ്പാർട്ടുമെന്റിനു അവകാശമില്ലേ?

ശ്രീ. എൽ. എം. പൈലി: അവരെ അബ്സോർബ് ചെയ്യുന്നതാണെന്നു ഡിപ്പാർട്ട്മെന്റിൽനിന്നും പ്രസ്താവിച്ചിട്ടുണ്ട്.

Sri. N. D. Jose: Are there about 37 teachers who have not yet been paid their salary?

Sri. L. M. Pylee: Does that relate to those who have been recruited?

Sri. N. D. Jose: Both of those recruited and outside?

Sri. L. M. Pylee: Of those recruited there are some who have to be paid. Regarding those from outside there is no information available.

റേഷൻ കാർഡുകൾ

*൩൩ ൪. (൩൯) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) റേഷൻ കാർഡുകൾ നൽകുവാൻവേണ്ടി പ്രായക്കുറവുള്ളവരേയും ഇല്ലാത്തവരേയും തിരിച്ചു ഒടുവിൽ കണക്കെടുത്തതു് എപ്പോഴാണു്;

(ബി) അക്കാലത്തു പ്രായപൂർത്തിവരാതിരുന്നവർ എത്രപേരാണു്;

(സി) ഒടുവിൽ കാർഡു പുതിക്കിക്കൊടുത്തപ്പോൾ ഇവരിൽ എത്രപേർ പ്രായപൂർത്തിയുള്ളവരായിത്തീർന്നിട്ടുണ്ടു്;

(ഡി) ഇവരിൽ എത്രപേരെ ഒടുവിൽ പുതുക്കിക്കൊടുത്ത കാർഡുകളിൽ പ്രായപൂർത്തിയുള്ളവരായി ഉൾപ്പെടുത്തിയിട്ടുണ്ടു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) തിരുവനന്തപുരം നഗരത്തിലും, ആലപ്പുഴ, കൊല്ലം, കോട്ടയം, നാഗർകോവിൽ എന്നീ പട്ടണങ്ങളിലും തോവാള, ചെങ്കോട്ട, പീരുമേടു് എന്നീ താലൂക്കുകളിലും ൧൯൫൧ അവസാനത്തിലും ൧൯൫൫ ആദ്യവും തിരുവിതാംകൂറിലെ മറ്റു താലൂക്കുകളിലും കൊച്ചി പ്രദേശത്തു് ൧൯൫൬ ജനുവരിയിലും ഒടുവിലത്തെ റേഷൻ സെൻസസ്സു് എടുക്കുകയുണ്ടായി.

(ബി) തിരുവിതാംകൂർ പ്രദേശത്തു് ൧൭൨൭ ൦ ൧൯. കൊച്ചി പ്രദേശത്തു് ൬൯൯൯ ൦൯.

(സി) കാർഡു് പുതുക്കിക്കൊടുക്കുന്നതു് പഴയ കാർഡിന്റെ അടിസ്ഥാനത്തിലായതിനാൽ പുതുക്കുന്ന അവസരങ്ങളിൽ വ്യത്യാസം ഒന്നും വരുത്താറില്ല. കാർഡു് കിട്ടിയതിനുശേഷം കാർഡു് ഉടമസ്ഥന്മാർ അപ്പോഴപ്പോൾ സമർപ്പിക്കുന്ന അപേക്ഷകൾ വച്ചുകൊണ്ടു് റിക്കാർഡു പരിശോധിച്ചു് ബോദ്ധ്യപ്പെട്ടതിനുശേഷമാണു് പ്രായപൂർത്തിയാകാത്തവരെ പ്രായപൂർത്തിയായവരായി കണക്കാക്കുന്നതു്.

(ഡി) മേൽപറഞ്ഞ വിവരങ്ങളാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: സെൻസസ്സു് എടുത്ത കാലത്തു് പ്രായപൂർത്തിയാകാത്തവർ ഇപ്പോൾ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ അവർക്കു് മുഴുവൻ റേഷൻ കൊടുക്കുമോ?

ശ്രീ. കെ. എം. കോര: വയസ്സനുസരിച്ചാണു് റേഷൻ കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: അന്നു് പ്രായപൂത്തിയാകാത്തവർ ഇന്നു് പ്രായപൂത്തിയായിട്ടുണ്ടെങ്കിൽ മുഴുവൻ റേഷൻ കിട്ടുന്നതിനു് അവർ എന്തുചെയ്യണം?

ശ്രീ. കെ. എം. കോര: അവരെ പ്രായപൂത്തിയായവരായി കണക്കാക്കി റേഷൻ കൊടുക്കും.

ശ്രീ. പി. നാണു: അങ്ങനെ പ്രായപൂത്തിയായിട്ടുണ്ടെങ്കിൽ അതേവരെയുള്ള പ്രായപൂത്തിയായവരുടെ കൂട്ടത്തിൽ അവരേയും ഉൾപ്പെടുത്തിക്കൊണ്ടു് കാർഡു് കൊടുക്കണമെന്നു് ഡിപ്പാർട്ട്മെൻറിനു് നിർദ്ദേശം വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട കാര്യം ഇല്ലല്ലൊ.

ശ്രീ. പി. നാണു: അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട ആവശ്യം ഇല്ലന്നാണോ പറയുന്നതു്?

ശ്രീ. കെ. എം. കോര: അങ്ങനെയൊരു നിർദ്ദേശത്തിന്റെ ആവശ്യമില്ല.

ശ്രീ. പി. നാണു: പ്രായപൂത്തിയാകാത്തവരെ എന്നും പ്രായപൂത്തിയാകാത്തവരായിത്തന്നെ വച്ചുകൊള്ളണമെന്നുണ്ടോ?

ശ്രീ. കെ. എം. കോര: അവർ പ്രായപൂത്തിയായിട്ടുണ്ടെങ്കിൽ പ്രായപൂത്തിയായിട്ടുള്ളവരുടെ കൂട്ടത്തിൽ പെടുത്തും.

ശ്രീ. പി. നാണു: അതിനു നിർദ്ദേശം വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: രൂപം അതാണു്.

കുടിപാർപ്പു്

*നന്നൂ (൪൦) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) പാണ്ടനാട്ടു് പകുതിയിൽ പിറമറ്റം കരയിൽ സർവ്വെ നു ൭/൧ ബി, നമ്പരിൽ പെട്ട സ്ഥലത്തു് കുടിപാർപ്പിനു് സ്ഥലമില്ലാതിരുന്ന പട്ടികജാതിക്കാർ പ്രവേശിച്ചു് കുടിപാർത്തുവരവെ അവരെ ഗവൺമെൻറു് ഇറക്കിവിട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനു വല്ല പ്രത്യേക കാരണങ്ങളുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) സർവ്വെ നു ൭/൧ ബി. എന്ന സ്ഥലത്തു് പട്ടികജാതിക്കാർ പ്രവേശിച്ചുതായും അവിടെ നിന്നു് അവരെ ഇറക്കി വിട്ടതായും ഗവൺമെൻറിനു് അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: ഗവൺമെൻറിനു് അതിനെപ്പറ്റി എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഈസ്ഥലത്തു് പട്ടികജാതിക്കാർ പ്രവേശിച്ചുതായും അവരെ അവിടെനിന്നു് ഇറക്കിവിട്ടതായും ഒരു നിവേദനം കിട്ടിയിട്ടില്ല. എന്നാൽ ഈ സ്ഥലം പട്ടികജാതിക്കാർക്കു് പതിച്ചുകൊടുക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പറിൽനിന്നും ഒരു നിവേദനം കിട്ടിയിട്ടുണ്ടു്.

ശ്രീ. സി. സി. പ്രസാദ്: പോലീസു് ചെന്നു് അവരെ ഇറക്കി വിട്ടതു് ഗവൺമെൻറിന്റെ അറിവോടുകൂടിയാണെന്നാണോ വിചാരിക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly